പാണ്ടിക്കണ്ടം റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം

38 (4648) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക പഞ്ചായത്തിലുള്ള പാണ്ടിക്കണ്ടം റഗുലേറ്റർ-കം-ബ്രിഡ്ജ് സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) മേൽ പ്രവൃത്തിക്ക് 'നബാർഡിന്റെ' സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ 'നബാർഡിന്റെ' സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) നബാർഡിന്റെ സാമ്പത്തിക സഹായം ലഭിക്കുന്നതിനുവേണ്ടി ആർ. ഐ. ഡി. എഫ്. VIII-ൽ നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നെങ്കിലും ഇതുവരെ അംഗീകാരം ലഭിച്ചിട്ടില്ല.

കോതമംഗലം പെരിയാർവാലി പ്രോജക്ടിനുവേണ്ടി സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുത്തതിന്റെ നഷ്ടപരിഹാരം നൽകുന്നതിന് നടപടി

39 (4647) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം പെരിയാർവാലി പ്രോജക്ടിനുവേണ്ടി സ്വകാര്യ വ്യക്തികളുടെ ഭൂമി 27-5-1984-ലെ 3(1) നോട്ടിഫിക്കേഷൻ പ്രകാരം 20-2-1985-ൽ ഏറ്റെടുത്തതിന്റെ നഷ്ടപരിഹാരമായി ഭൂമി വില ഇനിയും കൊടുത്തു തീർക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഭൂ ഉടമകൾ എറണാകുളം 2-ാം സബ് കോടതിയിൽ ഫയൽ ചെയ്ത എൽ. എ. ആർ. 81/86, എൽ. എ. ആർ 82/86 എന്നീ കേസ്സുകളിൽ നിലവിലുള്ള വിധി നടത്തി ഹർജി അനുസരിച്ചുള്ള തുക കെട്ടിവയ്ക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) പെരിയാർവാലി പദ്ധതിക്കുവേണ്ടി സ്ഥലം ഏറ്റെടുത്തതിന്റെ നഷ്ടപരിഹാരം മറ്റാർക്കെങ്കിലും കൊടുത്തുതീർക്കാനുണ്ടോ എന്ന് വിശദമാക്കാമോ ;

(ഡി) ഉണ്ടെങ്കിൽ ആർക്കെല്ലാം, എത്ര തുക വീതം ഏറ്റെടുത്ത ഭൂമിയുടെ വിസ്തീർണ്ണം എന്നിവ അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly